**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 338** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഡിസ്കൗണ്ട് സെയിലുകൾ എന്ന പേരിൽ ഉപഭോക്താക്കളെ കബളിപ്പിക്കുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പ്രമുഖ മാധ്യമങ്ങളിൽ ഉൾപ്പെടെ പരസ്യം ചെയ്ത് ഡിസ്കൗണ്ട് സെയിലുകൾ നടത്തുന്നതായി പ്രഖ്യാപിയ്ക്കുകയും എന്നാൽ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ഈ ആനുകൂല്യം ലഭിയ്ക്കാതിരിയ്ക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2019 ലെ Consumer Protection Act ഉം ആയതിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച കേരള കൺസ്യൂമർ പ്രൊട്ടക്ഷൻ റൂൾസ്, 2021-ഉം പ്രകാരം ജില്ലാ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിലും Central Consumer Protection Authority യിലും ഇത് സംബന്ധിച്ച പരാതികൾ സമർപ്പിക്കാ വുന്നതാണ്.<br><br>കൂടാതെ, ഇത്തരത്തിലുള്ള പരസ്യങ്ങളിൽപെട്ട് ഉപഭോക്താക്കൾ വഞ്ചിതരാകാതിരിക്കാൻ പോസ്റ്ററുകൾ, ലഘുലേഖകൾ, ബസ് സ്റ്റാൻഡുകൾ, റയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ പരസ്യങ്ങൾ, പത്ര-ദൃശ്യ-ശ്രവ്യ-സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിച്ചുള്ള പരസ്യങ്ങൾ തുടങ്ങിയവ മുഖേന ബോധവല്കരണ പ്രവർത്തനങ്ങൾ വ്യാപകമായ രീതിയിൽ നടത്തിവരുന്നുണ്ട്. |
| (ബി) | ഉപഭോക്താക്കളെ ആകർഷിച്ച് വ്യാപാരസ്ഥാപനങ്ങളിൽ എത്തിയ്ക്കുകയും എന്നാൽ പ്രഖ്യാപിച്ച തരത്തിലുള്ള വിലക്കുറവിൽ സാധനങ്ങൾ നൽകാതിരിക്കുകയും ചെയ്യുന്ന ഇത്തരത്തിലുള്ള കബളിപ്പിക്കലിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | 2019 ലെ Consumer Protection Act ഉം ആയതിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച കേരള കൺസ്യൂമർ പ്രൊട്ടക്ഷൻ റൂൾസ്, 2021-ഉം പ്രകാരം ജില്ലാ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിലും Central Consumer Protection Authority യിലും ഇത് സംബന്ധിച്ച പരാതികൾ സമർപ്പിക്കാ വുന്നതാണ്.<br><br>കൂടാതെ, ഇത്തരത്തിലുള്ള പരസ്യങ്ങളിൽപെട്ട് ഉപഭോക്താക്കൾ വഞ്ചിതരാകാതിരിക്കാൻ പോസ്റ്ററുകൾ, ലഘുലേഖകൾ, ബസ് സ്റ്റാൻഡുകൾ, റയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ പരസ്യങ്ങൾ, പത്ര-ദൃശ്യ-ശ്രവ്യ-സാമൂഹ്യമാധ്യമങ്ങൾ ഉപയോഗിച്ചുള്ള പരസ്യങ്ങൾ തുടങ്ങിയവ മുഖേന ബോധവല്കരണ പ്രവർത്തനങ്ങൾ വ്യാപകമായ രീതിയിൽ നടത്തിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഉപഭോക്തൃ കോടതികൾ വഴിയല്ലാതെ സർക്കാരിന് നേരിട്ട് ഏതെല്ലാം തരത്തിൽ നടപടി സ്വീകരിക്കാൻ കഴിയുന്നുണ്ടെന്ന് വിശദമാക്കാമോ; നടപടികൾ സ്വീകരിക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള പരിമിതികൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളും Central Consumer Protection Authority ഉം വഴിയല്ലാതെ ഇത്തരത്തിലുള്ള പരാതികളിൽ സംസ്ഥാന സർക്കാരിന് നിയമ നടപടികൾ കൈകൊള്ളുന്നതിന് നിലവിൽ വ്യവസ്ഥയില്ല.<br><br>2019 Consumer Protection Act പ്രകാരം ജില്ലാ കളക്ടർക്ക് തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ സംബന്ധിച്ച് നേരിട്ട് ലഭിക്കുന്ന പരാതികളും Central Consumer Protection Authority അന്വേഷണത്തിനായി നല്കുന്ന പരാതികളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അധികാരമുണ്ടെങ്കിലും ഇത് സംബന്ധിച്ച് നിയമപരമായ നടപടികൾ കൈക്കൊള്ളുന്നതിന് Central Consumer Protection Authority ക്കോ Consumer കോടതികൾക്കോ മാത്രമേ നിലവിൽ അധികാരമുള്ളൂ. |
| (ഡി) | ഇത്തരത്തിൽ കഴിഞ്ഞ ഒരു വർഷം ലഭിച്ച പരാതികളിൽ എത്ര സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽ പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ